**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 596** **24-08-2022 - ൽ മറുപടിയ്ക്ക്**

**വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വ്യവസായ വാണിജ്യ വകുപ്പ് പട്ടിക ജാതി/ പട്ടിക വർഗ്ഗ വിഭാഗക്കാർക്കായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | വ്യവസായ വാണിജ്യ വകുപ്പ് പട്ടിക ജാതി/ പട്ടിക വർഗ്ഗ വിഭാഗക്കാർക്കായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നില്ലെങ്കിലും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതിയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 10% അധിക സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം സ്ഥിര മൂലധന നിക്ഷേപത്തിന്റെ 25% പരമാവധി 40 ലക്ഷം വരെ സബ്സിഡി ഇനത്തിൽ ലഭിക്കുന്നു. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതിയിൽ പട്ടികജാതി/പട്ടികവർഗ്ഗ വനിത വിഭാഗക്കാർക്ക് 10% അധിക ഗ്രാന്റ് നൽകുന്നു. ഇത്തരത്തിൽ ആകെ പ്രോജക്ട് ചെലവിന്റെ 40 % വും ഗുണഭോക്തൃ വിഹിതം 20%വും ബാങ്ക് വായ്പ 40 ശതമാനവും ആയിരിക്കും (ജനറൽ വിഭാഗത്തിന് പ്രോജക്ട് ചെലവും ഗുണഭോക്തൃ വിഹിതവും 30 ശതമാനമായിരിക്കും) പരമാവധി ധനസഹായം ജനറൽ വഭാഗത്തിന് 3 ലക്ഷം രൂപയും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിന് 4 ലക്ഷം രൂപയും ആയിരിക്കും. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതിയിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2% അധിക പലിശ ഇളവ് നൽകുന്നു. |
| (സി) | പ്രവാസികളുടെ പുനരധിവാസത്തിനായി വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ? | (സി) | പ്രവാസികൾക്കായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും നോർക്കയും ചേർന്ന് അവതരിപ്പിച്ച പദ്ധതിയാണ് പ്രവാസി ഭദ്രതാ മെഗാ പദ്ധതി. പ്രസ്തുത പദ്ധതി മുഖേന പ്രവാസികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് അനുവദിച്ചു വരുന്ന |

| | | | |
|---|---|---|---|
| | | | വായ്പ 25 ലക്ഷം മുതൽ 2 കോടി വരെയാണ്. പ്രത്യേക സഹായ പദ്ധതിയായ *ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം* എന്ന ഒരു സഹായ പദ്ധതിയും നിലവിലുണ്ട്. പ്രവാസി മലയാളികൾ, സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. ഇതിന്റെ ഭാഗമായി 25 ലക്ഷം മുതൽ 2 കോടി രൂപ വരെ വായ്പ ലഭിക്കും. 3% സർക്കാർ സബ്സിഡി നൽകുന്നതിനാൽ 7% പലിശയ്ക്ക് വായ്പ ലഭിക്കും. പ്രസ്തുത വായ്പ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ(ഉദ്യം) രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള പ്രൊപ്രൈറ്റർഷിപ്പ് , പാർട്ണർഷിപ്പ്, ലിമിറ്റഡ് കമ്പനി തുടങ്ങിയവയ്ക്ക് ലഭ്യമാകുന്നതാണ്. 1 കോടി രൂപ വരെയുള്ള വായ്പകൾക്ക് സേവന നിരക്ക് ഇല്ല. പ്രസ്തുത വായ്പയുടെ തിരിച്ചടവ് 5 വർഷ കാലവധിയിലും 1 വർഷത്തെ മൊറട്ടോറിയവും ലഭ്യമായിരിക്കും. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

കേരളത്തിന്റെ വ്യവസായ വികസനത്തിൽ സൂക്ഷ്മ-ചെറുകിട- ഇടത്തരം സംരംഭങ്ങളുടെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് ആ മേഖലയിൽ ഉൽപാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

**പരിശീലനപരിപാടികൾ:** സംരംഭങ്ങളുടെ ജീവചക്രത്തിലെ വിവിധഘട്ടങ്ങളിൽ സംരംഭകർക്ക് ആവശ്യമായ ശേഷി വികസനത്തിനായി വ്യവസായവകുപ്പ് വിവിധ പരിശീലന പരിപാടികൾ, സംരംഭർക്കുള്ള ബോധവത്ക്കരണ ക്യാമ്പുകൾ, സെമിനാറുകൾ, സംരംഭകത്വ വികസനപരിപാടികൾ, ടെക്നോളജി ക്ലിനിക്കുകൾ, മേഖലാനുസൃത പരിശീലന പരിപാടികൾ, ഇൻഡസ്ട്രീയലൈസേഷൻ ഡ്രൈവുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ, തദ്ദേശസ്ഥാപനങ്ങളിലേക്കും മറ്റ് ലൈൻ ഡിപ്പാർട്ട്മെന്റുകളിലേക്കും ഏജൻസികളിലേക്കും സെൻസിറ്റൈസേഷൻ പ്രോഗ്രാമുകൾ, വകുപ്പിലെ ഓഫീസർമാർക്കുള്ള കാര്യശേഷി വർദ്ധിപ്പിക്കൽ പ്രോഗ്രാമുകൾ എന്നിവ നടത്തി വരുന്നു.

**ഇ.ഡി. ക്ലബ്ബുകൾ-** സമൂഹത്തിൽ സംരംഭകത്വ സംസ്കാരം വികസിപ്പിച്ചെടുക്കുന്നതിനുള്ള വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. യുവജനങ്ങളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭകവികസനപരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു. കൂടാതെ സ്റ്റാർട്ടപ്പുകൾക്കുള്ള സേവനങ്ങൾ നൽകുന്നതിനും, ജില്ലാ വ്യവസായകേന്ദ്രങ്ങളിൽ ബിസിനസ് ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നതിനും വകുപ്പ് മുൻഗണന നൽകിയിട്ടുണ്ട്

**ക്ലസ്റ്റർ വികസന പദ്ധതി-** സൂക്ഷ്മ-ചെറുകിട മേഖലയിൽ ഉല്പാദനക്ഷമതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ക്ലസ്റ്റർ വികസനപദ്ധതി നടപ്പിലാക്കുന്നു. ഒരു പ്രദേശത്ത് സമാന മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളെ ഈപദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിനും അവർക്ക് ആവശ്യമായ പൊതുവായ സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു.

**പ്രദർശനമേളകൾ:** സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് സഹായിക്കുന്നതിനായി ജില്ലകളിൽ എംഎസ്എംഇ എക്സിബിഷനുകൾ

നടത്തിവരുന്നു. ഇത് കൂടാതെ സംരംഭകർക്ക് ആവശ്യമായ യന്ത്രങ്ങൾ പരിചയപ്പെടുത്തുന്നതിന് സംസ്ഥാനതലത്തിൽ മെഷീനറി എക്സ്പോയും ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ പ്രദർശന വിപണനത്തിനായി അഗ്രോഫുഡ്പ്രൊയും നടത്തിവരുന്നു

**എം എസ് എം ഈ ക്ലിനിക്ക്:** സംരംഭകരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനുമായി ജില്ലാ വ്യവസായകേന്ദ്രങ്ങളിൽ സ്ഥാപിതമാകുന്ന സംവിധാനം ആണ് എസ്.എം.ഇ ക്ലിനിക്കുകൾ. ഇതിനായി ഓരോ ജില്ലകളിലും വിവിധ മേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ചതും സംരംഭകരുടെ സംശയങ്ങൾ ദൂരീകരിക്കാൻ പ്രാപ്തരായവരുമായ വിദഗ്ധരുടെ ഒരു പാനൽ ക്രമീകരിക്കുന്നു. വിവിധ സംശയങ്ങളുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ എത്തുന്ന സംരംഭകരെ സംശയം ദൂരീകരിക്കുന്നതിന് ഏറ്റവും അനുയോജ്യനായ പാനലിസ്റ്റുമായി കൂടികാഴ്ചയ്ക്കും സംശയദൂരീകരണത്തിനും ജില്ലാ വ്യവസായ കേന്ദ്രം മുഖാന്തിരം സൗകര്യം ചെയ്തു കൊടുക്കുന്നതാണ്.

**എംഎസ്എംഈ ഫെസിലിറ്റേഷൻ സെന്റർ**: താലൂക്ക് വ്യവസായ ഓഫീസുകളെ, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്ക് ആവശ്യമായ സഹായങ്ങളും ഉപദേശവും നൽകാൻ സജ്ജമായ എംഎസ്എം ഈ ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കുന്നതിന്റെ ഭാഗമായി പ്രൊഫെഷണൽ യോഗ്യതയുള്ള ഓരോ റിസോഴ്സ് പേഴ്സണെ വീതം തെരഞ്ഞെടുത്ത് മതിയായ പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്.

**PMFME (Prime Minsters Formalization of Micro Food Processing Enterprises) –**

വ്യവസായവകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്ര ഭക്ഷ്യവ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Minsters Formalization of Micro Food Processing Enterprises) പദ്ധതി വഴി സൂക്ഷ്മഭക്ഷ്യസംസ്കരണ മേഖലയിലെ വായ്പാബന്ധിത പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നു. വ്യക്തിഗത സംരംഭങ്ങൾക്ക് സ്ഥിര മൂലധനത്തിന്റെ 35% പരമാവധി 10 ലക്ഷം രൂപ വരെയാണ് സബ്സിഡി. ജില്ലാതലത്തിൽ കണ്ടെത്തിയിട്ടുള്ള ODOP (One District One Product) ഉല്പന്നത്തിന്റെ സംസ്കരണത്തിന് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, നിലവിൽ പ്രവർത്തിക്കുന്ന മറ്റു ഭക്ഷ്യഉൽപ്പന്നങ്ങളുടെ സംസ്കരണ സ്ഥാപനങ്ങൾക്കും ഈ പദ്ധതി പ്രകാരമുള്ള സഹായംനൽകുന്നു.

**വ്യവസായസംരംഭകരെ സാങ്കേതിക സർവകലാശാലയുമായി ബന്ധിപ്പിക്കുന്ന പദ്ധതി–**

സംരംഭങ്ങൾ നേരിടുന്ന സാങ്കേതിക പ്രശ്നങ്ങൾ കണ്ടെത്തുകയും സാങ്കേതിക സർവകലാശാലയുമായി ബന്ധിപ്പിച്ച കൊണ്ട് അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. സാങ്കേതിക സർവകലാശാല തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളുടെ internship വഴിയാണ് ഇത് പ്രാവർത്തികമാക്കുന്നത്. പദ്ധതി നടപ്പിലാകുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു.

**സ്റ്റേറ്റ് ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം**- അഞ്ച് കോടി രൂപവരെ മുതൽ മുടക്ക് വരുന്ന, സൂക്ഷ്മ-ചെറുകിട സംരംഭങ്ങളുടെ പൊതുസേവനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ക്ലസ്റ്റർ വികസന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

**ലോക്കൽ മാർക്കറ്റ് പദ്ധതി**– സംരംഭങ്ങൾക്ക് പ്രാദേശിക വിപണി ലഭ്യമാക്കുന്നതിനായി പ്രത്യേക പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതാണ്. ഈ പദ്ധതി വഴി സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലും അതു പോലെ സ്വകാര്യ ഷോപ്പിംഗ് മാളുകളിലും സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകരുടെ ഉത്പ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും അവ വിപണനം ചെയ്യുന്നതിനുമുള്ള സഹായം ലഭ്യമാക്കുന്നതാണ്. കൂടാതെ വിപണനത്തിന്റെ ഭാഗമായി ഇ-കോമേഴ്സ് പോർട്ടൽ വികസിപ്പിക്കുന്നതിനും സഹായം നൽകുന്നതാണ്. പദ്ധതി നടപ്പിലാകുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു.

**എക്സ്പോർട്ട് പ്രൊമോഷൻ പദ്ധതി**– പുതിയസംരംഭങ്ങളുടെയും അതുപോലെ നിലവിൽ പ്രവർത്തിച്ച വരുന്ന സംരംഭങ്ങളുടെയും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. വിപണനത്തിന്റെ ഭാഗമായി അന്താരാഷ്ട്ര വിപണന മേളകളിൽ പങ്കെടുക്കൽ, ഉത്പ്പന്നത്തിന്റെ മാതൃക വിദേശത്തേയ്ക്ക് അയക്കുക, കയറ്റുമതി ചെയ്യുന്നതിന്റെ ഭാഗമായി സംരംഭത്തിന്റെ നിലവിലുള്ള അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ, വിവിധ ഗുണമേന്മാ സെർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുക എന്നിവയുടെ ഭാഗമായി വരുന്ന വിവിധ ചെലവുകൾക്ക് സഹായം നൽകുന്നതിനുള്ള പദ്ധതിയാണിത് . പദ്ധതി നടപ്പിലാകുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു.

<u>സംരംഭക സഹായ പദ്ധതി</u>

വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. പ്രാരംഭ സഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നല്കുന്നത്. ഈ പദ്ധതി പ്രകാരം ഉല്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ പരമാവധി 40 ലക്ഷം രൂപ വരെ

ധനസഹായം നൽകുന്നു. കോവിഡ് 19 -ന്റെ ഭാഗമായി പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജ് പ്രകാരം സംരഭകത്വ സഹായ പദ്ധതി പ്രകാരം പ്രത്യേക വിഭാഗത്തിൽ ഉൾപ്പെട്ട യുവാക്കൾ വനിതകൾ, SC/ST വിഭാഗം എന്നിവർക്ക് അധികമായി നൽകുന്ന സബ്സിഡി 5 % എന്നത് 10 % ആയി വർദ്ധിപ്പിക്കുകയും പ്രത്യേക വിഭാഗത്തിൽ NRK -യെ കൂടി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി

10 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപം ഉള്ളതും 5 എച്ച്.പി വരെ വൈദ്യുതി ആവശ്യമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം വൈറ്റ്,ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന ഉല്പാദക ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്കാണ്, ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6% മുതൽ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ/പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8% വരെ ലഭിക്കുന്നു. മൂന്ന് വർഷത്തേക്കാണ് ഇപ്രകാരം റീ-ഇംബേഴ്സ് ചെയ്ത് നൽകുന്നത്.

ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്

വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് Margin money നല്കി കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറു സംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉല്പ്പന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം എന്നിവയിൽ ആരംഭിക്കുന്ന ചെറു സംരംഭങ്ങൾക്ക് (മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല ഉൾപ്പെടെ) സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്. വനിതകൾ, വികലാംഗർ, വിമുക്ത ഭടന്മാർ, പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ടവർ എന്നിവർക്ക് ഈ പദ്ധതിയിൽ മുൻഗണന നല്കും. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കും. ഈ പദ്ധതിയിലൂടെ നല്കുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയും ആണ്.

സമ്മർദ്ദമുള്ള (stressed) വ്യവസായങ്ങൾ/ പ്രവർത്തന രഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകൾ പുനരുദ്ധരിക്കുന്നതിനുള്ള സഹായ പദ്ധതികൾ

മൂലധന ഗ്രാന്റുകളുടെയും, പ്രവർത്തന മൂലധന പ്രോത്സാഹനങ്ങളുടെയും സഹായത്തോടെ

കശുവണ്ടി സംസ്കരണ യൂണിറ്റുകൾ ഉൾപ്പെടെയുള്ള പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകളെ പിന്തുണക്കാൻ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

a. Revival and rehabilitation scheme for defunct MSMEs and cashew processing units

b. The Kerala stressed MSMEs Revival & Rehabilitation Scheme

കൂടാതെ, 2022-23 സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി 2022-23 വർഷം മുതൽ താഴെപ്പറയുന്ന പദ്ധതികളും നടപ്പിലാക്കുന്നു.

**ഒരു കുടുംബം,ഒരു സംരംഭം പദ്ധതി**

ടി പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4 %ൽ അധികരിച്ചുള്ള പലിശയിൽ 5% വരെ ഇളവ് ധനസഹായമായി സർക്കാർ നൽകുന്നു. പദ്ധതിയുടെ കരട് മാർഗ രേഖയ്ക്ക് സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനു 10 ലക്ഷം വരെ ബാങ്ക് ലോൺ ഉള്ള ഉല്പാദന, സേവന, വ്യാപാര മേഖലയിലെ സ്ഥാപനങ്ങൾക്ക് പദ്ധതി വഴി പലിശ ഇളവ് നൽകുന്നു. പദ്ധതി പ്രകാരം സ്ഥിര മൂലധന വായ്പയ്ക്കും പ്രവർത്തന മൂലധന വായ്പയ്ക്കും ആനുകൂല്യം ലഭിക്കുന്നു. ലോൺ കാലാവധിയുടെ ആദ്യത്തെ അഞ്ചു വർഷമോ, ലോൺ തീർപ്പാക്കുന്ന കാലയളവ് വരെയോ ആയിരിക്കും (ഏതാണോ ആദ്യം ) പലിശയിളവ് നൽകുന്നത്. 01.04.2022 മുതൽ പ്രവർത്തനം ആരംഭിക്കുന്ന പുതിയ യൂണിറ്റുകൾക്ക് മാത്രമാണ് സർക്കാരിൽ നിന്നുള്ള പലിശയിളവ് ലഭ്യമാകുന്നത്.

**മാനുഫാക് ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി**

ടി പദ്ധതിയ്ക്കായി 650 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംരംഭകൻ മുന്നോട്ട് വെച്ച ആശയത്തിന്റെയോ, ഉല്പന്നത്തിന്റയോ അപരിചിതത്വം കാരണം നിക്ഷേപം ആകർഷിക്കാൻ സ്റ്റാർട്ടപ്പുകൾ പ്രയാസപ്പെടുന്നുണ്ട്. ഒരു ആശയമോ ഉൽപ്പന്നമോ വികസിപ്പിക്കുന്നതിന് സ്റ്റാർട്ടപ്പുകൾക്ക് ഗണ്യമായ തുക ആവശ്യമാണ്. ആയതിനാൽ, സ്റ്റാർട്ടപ്പ് ആശയങ്ങളുള്ള നിക്ഷേപകർക്ക് മതിയായ സാമ്പത്തിക പ്രോത്സാഹനങ്ങൾ നൽകേണ്ടത് പ്രധാനമാണ്. നിലവിൽ സ്റ്റാർട്ടപ്പുകളിൽ ഭൂരിഭാഗവും ഐ.ടി അധിഷ്ഠിത ഉൽപന്നങ്ങളോ ഐടിയുമായി ബന്ധപ്പെട്ടതോ ആയതിനാൽ ഉൽപ്പാദന മേഖലയിൽ നൂതന ആശയങ്ങളുമായി വരുന്ന സംരംഭകരുടെ എണ്ണം ഗണ്യമായി കുറയുന്നു. ഈ സാഹചര്യത്തിൽ, ഉൽപ്പാദന മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക

സഹായം നൽകുക, ഉൽപ്പാദന മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള വിടവ് പരിഹരിക്കുക എന്നീ ലക്ഷ്യങ്ങളാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

ഈ പദ്ധതി പ്രകാരം യോഗ്യമായ പദ്ധതി ചെലവിന്റെ (Project Cost) 75% സബ്സിഡിയായി നൽകുന്നു. (ഒരു യൂണിറ്റിന് പരമാവധി 10 ലക്ഷം രൂപ.) അതാത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ചെയർമാൻ, മാനേജർ (ക്രഡിറ്റ്)-കൺവീനർ, കെ.എഫ്.സി-യിൽ നിന്നുള്ള ഒരംഗം, കേരള സ്റ്റാർട്ട് അപ്പ് മിഷനിൽ നിന്നുള്ള ഒരു ആഫീസർ, ലീഡ് ഡിസ്ട്രിക്ട് മാനേജർ, ജനറൽ മാനേജർ നിർദ്ദേശിക്കുന്ന എം.എസ്.എം.ഇ ക്ലിനിക്കിലെ ഒരു എംപാനൽഡ് കൺസൾട്ടന്റ്, ജില്ലാതല എസ്.എം.ഇ ബ്രാഞ്ചിൽ നിന്നുള്ള ഒരു മാനേജർ (special invitee) എന്നിവർ അംഗങ്ങളായ District Level Project Appraisal Committee ആണ് യോഗ്യരായ അപേക്ഷകരെ തെരെഞ്ഞെടുക്കുന്നത്.

മൂന്ന് ഘട്ടങ്ങളിലായാണ് ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നത്.

i) ആശയം വികസിപ്പിക്കുന്നതിന് പ്രാരംഭ സഹായമായി ആകെ യോഗ്യമായ ഗ്രാന്റിന്റെ 30%

ii) ഉല്പന്നത്തിന്റെ പ്രോട്ടോടൈപ്പ് പൂർത്തീകരിക്കുമ്പോൾ ആകെ യോഗ്യമായ ഗ്രാന്റിന്റെ 50%

iii) ശേഷിക്കുന്ന 20% ഉത്പാദന പ്രവർത്തനം തുടങ്ങിയ ശേഷം

**<u>നിലവിലുള്ള എം.എസ്.എം.ഇ കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള സഹായം</u>**

നിലവിൽ പ്രവർത്തനക്ഷമമായ എം.എസ്.എം.ഇ യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനും നിലവിലുള്ള എം.എസ്.എം.ഇ കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പിന്തുണ നൽകുന്നതിനുമായി പ്രഖ്യാപിച്ച പദ്ധതിയാണിത്.

2022-23-ൽ ഈ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ 2851-00-102-07 (01) ശീർഷകത്തിൽ 1140 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഉത്പാദന പ്രവർത്തനം ആരംഭിച്ച് ഒരു വർഷത്തിനുശേഷം വിപുലീകരണ പ്രവർത്തനം നടത്തുന്ന ഉത്പാദന/സേവന മേഖലയിലുള്ള സംരംഭങ്ങൾക്കാണ് ഈ പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നത്.

സ്ഥിര മൂലധന നിക്ഷേപ സബ്സിഡിക്ക് ബാങ്ക് ലോൺ നിർബന്ധമല്ല . ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങൾ KFC,KSIDC എന്നിവയിൽ നിന്നും വായ്പ നേടിയിട്ടുള്ള യൂണിറ്റുകൾക്ക് മാത്രമാണ് ഈ

പദ്ധതിപ്രകാരം പ്രവർത്തന മൂലധന സഹായം ലഭിക്കുന്നത്. 01/01/2021 മുതൽ വിപുലീകരണ പ്രവർത്തനം ആരംഭിച്ച യൂണിറ്റുകൾക്ക് ഈ പദ്ധതിപ്രകാരം ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

ഈ പദ്ധതിപ്രകാരം, ഒരു യൂണിറ്റിന് സ്ഥിരമൂലധനത്തിന്റെ 30% (പരമാവധി 100 ലക്ഷം) രൂപയാണ് Capital Investment Subsidy-ക്ക് അർഹതയുള്ളത്.

ബാങ്കിൽ നിന്നും പ്രവർത്തന മൂലധന വായ്പ എടുത്തിട്ടുള്ള യൂണിറ്റുകൾക്ക് ആദ്യത്തെ 3 വർഷം 8 % പലിശയിളവ് നൽകുന്നു. ഇത് റീ-ഇംബേഴ്സ്മെന്റ് ആയാണ് നൽകുന്നത്. (പരമാവധി 30 ലക്ഷം രൂപ). പദ്ധതി പ്രകാരം, ബന്ധപ്പെട്ട താലൂക്ക് വ്യവസായ ആഫീസർ റെക്കമെൻഡിങ് അതോറിറ്റിയും അതാത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ സാങ്ഷനിങ് അതോറിറ്റിയുമാണ്.

അടിസ്ഥാന സൗകര്യങ്ങൾ

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൻ പരിധിയിലുള്ള വ്യവസായ പാർക്കുകളുടെ വികസനത്തിനായി അടിസ്ഥാന വികസന പ്രവർത്തനങ്ങളായ ജലം, റോഡ് ഗതാഗതം, വൈദ്യുതി, ചുറ്റുമതിൽ, ഗേറ്റ് , മാലിന്യ സംസ്കരണത്തിനായി Common Effluent Treatment Plant, വൈദ്യുത തടസ്സം ഒഴിവാക്കുന്നതിനായി Power Feeder എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങൾക്കായി ഓരോ വർഷത്തെയും ബഡ്ജറ്റ് വിഹിതത്തിന്റെ അടിസ്ഥാനത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം വ്യവസായ പാർക്കുകളുടെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്കായി 2851-00-101- 92 ശീർഷകത്തിൽ 200 ലക്ഷം രൂപയും 4851 -00 -101 -86 ശീർഷകത്തിൽ 8 കോടി രൂപയും, നടപ്പ് വർഷം ടി ശീർഷകങ്ങളിൽ യഥാക്രമം 313 ലക്ഷം രൂപയും 1252 ലക്ഷം രൂപയും അനുവദിക്കുകയും ആയതനുസരിച്ച് സംസ്ഥാനത്തെ വിവിധ വ്യവസായ പാർക്കുകളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു.

ഇതു കൂടാതെ നിലവിൽ ആലപ്പുഴ ജില്ലയിലെ പുന്നപ്രയിൽ ബഹുനില വ്യവസായ സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തങ്ങൾ പൂർത്തികരിച്ച് 09/05/2022 ൽ ഉദ്ഘാടനം നിർവഹിച്ചിട്ടുണ്ട്. ആയതിനൊപ്പം ആലപ്പുഴ ജില്ലയിലെ Multi Purpose Trade Facilitation center ന്റെ തറക്കല്ലിടീൽ ഉദ്ഘാടനവും ടി ദിവസം തന്നെ നിർവഹിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ പുഴക്കൽപ്പാടത്ത് രണ്ടു ബഹു നില വ്യവസായ സമുച്ചയങ്ങൾ ഉദ്ഘാടനത്തിന് സജ്ജമാക്കിക്കൊണ്ടിരിക്കുന്നു . തൃശ്ശൂർ ജില്ലയിലെ തന്നെ 8.52 ഏക്കർ വിസ്തൃതിയിലുള്ള വരവൂർ വ്യവസായ പാർക്കിന്റെ ഉദ്ഘാടനം 09/05/2022 ൽ

നടന്നിട്ടുള്ളതാണ് . എടയാർ വ്യവസായ വികസന ഏരിയയിൽ Common Effluent plant ന്റെ നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്

കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി Private Industrial Estate Scheme -2022 നിലവിൽ വന്നിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ ആയി അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സ്വകാര്യ വ്യാവസായിക എസ്റ്റേറ്റിലെ റോഡുകൾ, വൈദ്യുതി, ജലവിതരണം എന്നിവ വികസിപ്പിക്കുന്നതിൽ ഡെവലപ്പർക്ക് സൗകര്യമൊരുക്കാൻ സർക്കാർ ധനസഹായം നൽകുന്നതാണ് . വൈദ്യുതി, ജലം റോഡ്, ഡ്രെയിനേജ്, ETP/CETP തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ലബോറട്ടറി, ടെസ്റ്റിംഗ്, സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതു സൗകര്യങ്ങളും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾക്കായി ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ സർക്കാർ ധനസഹായം നൽകുന്നതാണ്.

കിൻഫ്ര നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം
2. പെട്രോകെമിക്കൽ പാർക്ക്, കൊച്ചി
3. സ്പൈസസ് പാർക്ക്, തൊടുപുഴ
4. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം - കാക്കാഞ്ചേരി, മലപ്പുറം
5. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം - കഴക്കൂട്ടം, തിരുവനന്തപുരം
6. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി - പാലക്കാട്, കൊച്ചി
7. അന്താരാഷ്ട്ര കൺവെൻഷൻ സെന്റർ - കാക്കനാട്, കൊച്ചി

Deepa

സെക്ഷൻ ഓഫീസർ